# അക്കാദമിക മാസ്റ്റർ പ്ലാൻ
# എച്ച് എസ് എസ് ഫോർ ദ ഡഫ്
# നീർപ്പാറ

# ഉള്ളടക്കം


- ആമുഖം
- സ്ക്കൂൾ അടിസ്ഥാന വിവരങ്ങൾ
- സ്ക്കൂൾ സ്ഥാപിത ചരിത്രം
- വികസന ലക്ഷ്യങ്ങൾ
- പ്രവർത്തന വിശകലനം
- ഉപസംഹാരം

# ആമുഖം

1968-ൽ സ്ഥാപിതമായ എച്ച് എസ് എസ് ഫോർ ദ ഡഫ് കേരളത്തിലെ കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്കിലെ വെള്ളൂർ ഗ്രാമപഞ്ചായത്തിലെ നീർപ്പാറ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് സ്ഥാപനമാണ്. 1മുതൽ 12 വരെയുള്ള കുട്ടികൾക്കുള്ള വിദ്യാഭ്യാസം ഈ സ്ക്കൂളിൽ നൽകുന്നു. മലയാളം പഠന മാധ്യമമായി ഉപയോഗിക്കുന്നു. എല്ലാ കാലാവസ്ഥയിലും റോഡുകളിലൂടെ എളുപ്പത്തിൽ എത്തിച്ചേരാം.
ബധിരരായ ഈ കുട്ടികളുടെ ആധുനിക വിദ്യാഭ്യാസത്തെ പിന്തുണയ്ക്കുന്നതിനായി കമ്പ്യൂട്ടർ സഹായത്തോടെയുള്ള ഒരു പഠന ലാബും, ആരോഗ്യത്തിനും പരിപാലനത്തിനും, മാനസികമായ ഉല്ലാസത്തിനും സുരക്ഷക്കുമായി എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനവും നൽകുന്ന നീന്തൽ കുളവും, ഫ്രീ ഇംഗ്ലീഷ് ഗ്രാമർ ട്രെയിനിങ്ങും,സ്പീച്ച് തെറാപ്പിയും,മറ്റ് കലാകായിക പ്രവർത്തനങ്ങൾക്കുള്ള പരിശീലനവും നൽകുന്ന ഒരു റസിഡൻഷ്യൽ സ്ക്കൂളാണിത്.
ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമി രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്ക്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ  ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു. അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള

പ്രവർത്തനങ്ങളാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിൻ്റെ ഭാഗമായി അക്കാദമിക
രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ  പി ടി ഇ യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പാക്കാൻ കഴിയുന്നു. ഹരിതഭംഗിയാർന്ന ജൈവസമ്പന്നതയിൽ അലങ്കരിക്കപ്പെട്ട ക്യാമ്പസിനു മുന്നിലുള്ള പാർക്ക് ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം നൽകുന്നു എന്നതും സ്ക്കൂളിൻറെ സവിശേഷ മുഖമുദ്രയാണ്. 'സ്ക്കൂൾ തന്നെ പാഠപുസ്തകം' എന്ന വിശാലമായ ആശയം ഇവിടെ സത്യമാകുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളിൽ ഉണ്ടാകുന്ന പഠനത്തിൻറെ മികവ് സ്ക്കൂളിൻറെ അക്കാദമിക നിലവാരത്തിനുള്ള പൊതു സമൂഹത്തിൻറെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് ഗുണപരമായ രീതിയിൽ കൂടുതൽ മുന്നേറാനും പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും ആവശ്യാനുസരണം നടപ്പിലാക്കി നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

സ്ക്കൂൾ രൂപംകൊടുത്ത വികസന  ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളായി ഈ അക്കാദമിക മാസ്റ്റർപ്ലാൻ മാറുമെന്ന് പ്രതീക്ഷിക്കുന്നു.

# സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| * | വിദ്യാലയത്തിൻറെ പേര് | എച്ച് എസ് എസ് ഫോർ ദ ഡഫ് നീർപ്പാറ |
| * | സ്കൂൾ കോഡ് | 50007 |
| * | മേൽവിലാസം | എച്ച് എസ് എസ് ഫോർ ദ ഡഫ് നീർപ്പാറ ,<br>അസ്സിസി മൗണ്ട് , വടകര പി ഒ,<br>തലയോലപറമ്പ്,കോട്ടയം,686605 |
| * | സ്കൂൾ ഫോൺ നമ്പർ | 04829273149<br>മൊബൈൽ : 7510887875 |
| * | സ്കൂൾ മെയിൽ ഐഡി | hssneerpara@gmail.com |
| * | സ്കൂൾ സ്ഥാപിച്ച വർഷം | 1968 |
| * | റവന്യൂ ജില്ല | കോട്ടയം |
| * | വിദ്യാഭ്യാസ ജില്ല | കടുത്തുരുത്തി |
| * | വിദ്യാഭ്യാസ ഉപജില്ല | വൈക്കം |
| * | ബ്ലോക്ക് | കടുത്തുരുത്തി |
| * | താലൂക്ക് | വൈക്കം |
| * | പഞ്ചായത്ത് | വെള്ളൂർ |
| * | ബി ആർ സി യൂണിറ്റ് | വൈക്കം |
| * | സ്കൂൾ തരം | എയിഡഡ് |
| * | ക്ലാസുകൾ | 1 മുതൽ 12 |
| * | പഠന മാധ്യമം | മലയാളം |

# സ്കൂൾ സ്ഥാപിത ചരിത്രം

ദൈവദാസൻ  ജോസഫ് കെ. ഡബ്ല്യു. തോമസ് കണ്ടത്തിലച്ചൻറെ സ്വപ്നവും ദർശനവുമാണ് ബധിരർക്കായുള്ള സ്കൂൾ. അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (എ.എസ്.എം.ഐ) മാനേജ്മെന്റിന് കീഴിലുള്ള ഈ സ്കൂൾ കൊച്ചിയിലെ ഗോൾഡൻ സ്ട്രീറ്റ് വടുതലയിലെ അസീസി സെന്റ് ജോസഫ്സ് പ്രൊവിൻഷ്യലേറ്റ് ആസ്ഥാനമായി പ്രവർത്തിക്കുന്നു.

1968 ൽ 13 ബധിരരും 7 അന്ധരുമായ കുട്ടികളുമായി ഈ റെസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചു. 1970 ൽ ഈ സ്കൂളിന് കേരള സർക്കാർ താൽക്കാലിക അംഗീകാരം നൽകി. പിന്നീട് 1975 ൽ ഏഴാം ക്ലാസ് വരെയുള്ള ക്ലാസുകൾക്കും എയ്ഡഡ് സ്കൂളായും സർക്കാരിന്റെ സ്ഥിരം അനുമതി ലഭിച്ചു. 1975 ആയപ്പോഴേക്കും ബധിരരും അന്ധരുമായ വിദ്യാർത്ഥികളുടെ എണ്ണം 113 ആയി ഉയർത്തി. ക്ലാസുകൾക്കും ഹോസ്റ്റലിനും കൂടുതൽ കെട്ടിടങ്ങൾ അത്യാവശ്യമായതിനാൽ കെട്ടിടം നിർമ്മിക്കുകയും ബഹുമാനപ്പെട്ട കേരള ഗവർണർ ജ്യോതി വെങ്കടചെല്ലം 1978 ഫെബ്രുവരി 18 ന് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.മുതിർന്ന ബധിരരെയും അന്ധരെയും പുനരധിവസിപ്പിക്കുന്നതിനായി നെയ്ത്ത്, തയ്യൽ എന്നിവയിൽ കൂടുതൽ തൊഴിൽ പരിശീലന കോഴ്സുകൾ ആരംഭിച്ചു.

1983 ൽ ഈ സ്ക്കൂളിനെ "ഇന്ത്യയിലെ മികച്ച സ്ഥാപനം" ആയി തിരഞ്ഞെടുക്കുകയും വികലാംഗരുടെ മികച്ച തൊഴിൽദാതാവിനുള്ള ദേശീയ അവാർഡ്" ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡന്റ് ഗ്യാനി സെയിൽസിംഗ്, ഹെഡ്മിസ്ട്രസ് സിസ്റ്റർ ജെമ്മ ഫ്രാൻസിസിന് നൽകുകയും ചെയ്തു. . 1989-ൽ ഗവൺമെൻറ് ഈ സ്ക്കൂളിനെ അൺ എയ്ഡഡ് മേഖലയിലെ ബധിര പെൺകുട്ടികൾക്കായുള്ള ഒരു ഹൈസ്ക്കൂളായി ഉയർത്തുകയും എട്ടാം ക്ലാസ് ആരംഭിക്കുകയും ചെയ്തു. 1992-ൽ 9 പെൺകുട്ടികളുള്ള SSLC ആദ്യ ബാച്ചിൻറെ ഫലം 100% ആയിരുന്നു. പിന്നീട് 1995-ൽ കേരള ഗവൺമെൻറ് ഹൈസ്ക്കൂൾ വിഭാഗത്തെ എയ്ഡഡ് ആയി അംഗീകരിച്ചു. വിദ്യാർത്ഥികളുടെ എണ്ണം കൂടുതൽ വർദ്ധിച്ചതിനാൽ, 1993-ൽ അന്ധ വിഭാഗം വേർതിരിച്ച് കോട്ടയം ജില്ലയിലെ തന്നെ കാളകെട്ടിയിലേക്ക് മാറ്റി. 1992-93 അധ്യയന വർഷത്തിൽ ഈ സ്ഥാപനം ബധിരരുടെയും അന്ധരുടെയും വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി 25 വർഷത്തെ പുരോഗമന സേവനം പൂർത്തിയാക്കി. രണ്ട് അധ്യാപകരെ ദേശീയ അവാർഡുകളും നാല് പേരെ സംസ്ഥാന അവാർഡുകളും നൽകി ആദരിച്ചു.

1995 ആയപ്പോഴേക്കും വിദ്യാർത്ഥികളുടെ എണ്ണം 285 ആയി ഉയർന്നു. ശ്രവണ വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്കുള്ള മാർഗ്ഗനിർദ്ദേശം, കൗൺസിലിംഗ്, പരിശീലനം എന്നിവ കുട്ടികളുടെ വികാസത്തിന് വളരെ അത്യാവശ്യമാണ്. പ്രീ സ്ക്കൂൾ ഘട്ടത്തിൽ

തന്നെ ഓഡിയോളജി പരിശോധനയും ഹിയറിംഗ് എയ്ഡുകൾ ഉപയോഗിച്ച് കുട്ടിയെ സജ്ജമാക്കലും അത്തരം കുട്ടികളെ മികച്ച വിദ്യാഭ്യാസത്തിനും വേഗത്തിലുള്ള മാനസിക വളർച്ചയ്ക്കും കൂടുതൽ അനുയോജ്യരാക്കും.

പത്താം ക്ലാസ്സിന് ശേഷം തുടർ പഠനത്തിന് അവസരങ്ങൾ ഇല്ലാതിരുന്നതിനാൽ 2002 ൽ ഈ സ്പെഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സും, 2006 ൽ ബധിരർക്കുള്ള ഐടിഐ യും (CO&PA) ആരംഭിച്ചു. കേരളത്തിലെ ബധിരർക്കുള്ള ഏറ്റവും മികച്ചതും ആദ്യത്തെതുമായ കമ്പ്യൂട്ടർ കേന്ദ്രങ്ങളിൽ ഒന്നാണിത്.

2017-2018 അധ്യയന വർഷത്തിൽ ഈ സ്ഥാപനം ബധിരരുടെ വിദ്യാഭ്യാസത്തിലും പരിശീലനത്തിലും 50 വർഷത്തെ പുരോഗതി പൂർത്തിയാക്കിയ ഈ വിദ്യാലയം കടുത്തുരുത്തി വിദ്യാഭ്യാസ ജില്ലയിലെ മികച്ച സ്പെഷ്യൽ സ്കൂളായി ഇന്നും നിലകൊള്ളുന്നു.

# വികസന ലക്ഷ്യങ്ങൾ

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
4. ഐ ടി പഠനം കര്യക്ഷമമാക്കൽ
5. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
6. വായനാ ശേഷി വർദ്ധിപ്പിക്കൽ
7. കലാപരിപോഷണം
8. പ്രവൃത്തി പരിചയ പരിശീലനം
9.കായികശേഷി വികസനം
10.കൗൺസിലിങ്
11.പഠനയാത്രകൾ
12.ആരോഗ്യ ശുചിത്വ പരിപാലനം
13. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
14. മെഡിക്കൽ ക്യാമ്പുകൾ

# പ്രവർത്തന വിശകലനം

## ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1<br>ഭാഷാ -ശേഷി വികസനം - വായന - തെറ്റില്ലാത്ത പദങ്ങൾ ഉച്ചരിക്കാനുള്ള ശേഷി | 1.പദ കാർഡ് നൽകി സ്പീച് നൽകുന്നു.<br>2. പദ സൂര്യൻ നിർമ്മാണം<br>3.വായനാ മത്സരം<br>4.വാർത്ത വായന<br>5.ലൈബ്രറി  പുസ്തക വിതരണം ചെയ്ത് വായനയെ പ്രോത്സാഹിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | മലയാളം അധ്യാപകർ | |
| 2<br>ലേഖനം | 1.പദങ്ങൾ ക്രമീകരിച്ച് വാചകങ്ങൾ ഉണ്ടാക്കുന്നു.<br>2.വിട്ടുപോയ അക്ഷരങ്ങളും വാക്കുകളും കണ്ടെത്തുന്നു.<br>3.ചിത്ര ലേഖനം നൽകുന്നു.<br>4.ഖണ്ഡിക വായിച്ച് ഉത്തരങ്ങൾ എഴുതുക.<br>5.പകർത്തെഴുത്ത് നൽകുന്നു.<br>6.ചുവർ പത്രിക, കയ്യെഴുത്ത് മത്സരം. | ആവശ്യമനുസരിച്ച്<br>അധ്യയന വർഷം മുഴുവൻ | മലയാളം അധ്യാപകർ | |
| 3<br>സർഗ്ഗാത്മക ശേഷി വികസനം - ആസ്വാദനം  - സർഗ്ഗസൃഷ്ടി- | കഥകൾ മനസിലാക്കി കഥാപാത്രങ്ങൾ സന്ദർഭം എന്നിവ ചിത്രീകരിക്കുന്നു. മൂകാഭിനയം. | അധ്യയന വർഷം മുഴുവൻ | മലയാളം അധ്യാപകർ | |
| 4<br>പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | ഭാഷാ ശേഷി വികസനവുമായി കുട്ടികൾ നിർമ്മിച്ച ഉൽപ്പന്നങ്ങളുടെ പ്രദർശനം . പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രീകരണം സ്കൂൾ സാഹിത്യ സമാജത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | വർഷത്തിൽ ഒരു തവണ | മലയാളം അധ്യാപകർ | |

# ഗണിത ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1<br>ചതുഷ് ക്രിയകളിലെ ആശയങ്ങൾ | 1.സംഖ്യാബോധം ഉറപ്പിക്കൽ<br>2.കൂട്ടൽ, കുറയ്ക്കൽ, ഗുണിക്കൽ, ഹരിക്കൽ ഉറപ്പിക്കുന്നു.<br>3.പരിശീലന ബുക്ക് നൽകുന്നു.<br>4.സംഖ്യാബോധം ഉറപ്പിക്കുന്ന കളികൾ<br>5.സ്ഥാന വില പോക്കറ്റുകൾ.<br>6.ഗണിത വൽക്കരണം<br>7.ഗണിതാശയങ്ങൾ ഉള്ള ചിത്രങ്ങളും രൂപങ്ങളും വരച്ച് ആകർഷകമാക്കുന്നു. | ദിവസേന<br>ആഴ്ചയിൽ ഒരിക്കൽ<br>ആവശ്യമനുസരിച്ച് | ഗണിത അധ്യാപകർ | |
| 2<br>സംഖ്യകൾ തിരിച്ചറിയുന്നു. താരതമ്യം ചെയ്യുന്നു | 1.അടിസ്ഥാന ക്രിയകൾ ഉറപ്പിക്കൽ.<br>2.സംഖ്യകളുടെ താരതമ്യം വലുത്,ചെറുത്<br>3.കാർഡ് കളി<br>4.പാമ്പും ഏണിയും<br>5.കളി നോട്ടുകൾ | അധ്യയന വർഷം മുഴുവൻ | ഗണിത അധ്യാപകർ | |
| 3<br>ജ്യാമിതീയ ഉപകരണങ്ങൾ | ഗണിത ശില്പശാല - ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയുന്നു. വരയ്ക്കുന്നു, നിർമ്മിക്കുന്നു | നവംബർ , ഡിസംബർ | ഗണിത അധ്യാപകർ | |
| 4<br>ഗണിതാശയങ്ങൾ ഉറപ്പിക്കൽ | 1.ഗണിത കളരി / ഗണിത ശില്പശാല (ഗണിതാശയങ്ങൾ ഉപയോഗിച്ചുള്ള നിർമ്മാണം ഗണിത രൂപങ്ങൾ ഉപയോഗിച്ചുള്ള നിർമ്മാണം) | വർഷത്തിൽ ഒരു തവണ | ഗണിത അധ്യാപകർ | |

# ഇംഗ്ലീഷ് പഠനം അനായാസമാക്കൽ

| Aim | Activity | Time | Responsibility | Finance |
|---|---|---|---|---|
| 1<br>To speak read and write english without mistake | Speech,book review quiz-riddles, picture cards and word cards | June-March | Teachers & Parents | |
| 2<br>To develop listening skills and reading skills | Games , use ICT picture reading .Find words text book activities. | June-March | Teachers & Parents | |
| 3<br>To develop writing skills | Make words web picture description, with describing words , add more lines | ALWAYS | Teachers & Parents | |

# ഐ ടി പഠനം കാര്യക്ഷമമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1<br>വിദ്യാർഥികൾക്ക് സ്വന്തമായി കമ്പ്യൂട്ടർ ഉപയോഗിച്ച് പഠനം കൂടുതൽ കാര്യക്ഷമമാക്കാൻ സാങ്കേതിക<br><br>2<br>ഐ ടി രംഗത്തുള്ള മാറ്റങ്ങൾ എത്രയും വേഗം വിദ്യാർത്ഥികളിൽ എത്തിക്കൽ | 1.പുതിയ ടെക്നോളജികളെ കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞു കൊടുക്കുക<br>2.വിദഗ്ധരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ എടുക്കുക<br>3. കുട്ടികൾക്ക് വേണ്ട ആപ്പ് ഗെയിം മറ്റ് പഠന സംവിധാനങ്ങൾ പരിചയപ്പെടുത്തുക<br>4.കമ്പ്യൂട്ടർ സ്വന്തമായി ചെയ്തു നോക്കുവാനുള്ള സൗകര്യം ഒരുക്കുക | ആവശ്യാനുസരണം<br><br>അധ്യായന വർഷം മുഴുവൻ | ഐ ടി അധ്യാപകർ | |

# ലബോറട്ടറി നവീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഗണിത,സയൻസ് ശാസ്ത്ര ലാബുകളുടെ സഹായത്തോടെ പരീക്ഷണ നിരീക്ഷണ മനോഭാവം വളർത്തൽ | 1.പരീക്ഷണങ്ങൾ ചെയ്തു നോക്കുവാനുള്ള സൗകര്യങ്ങൾ ഒരുക്കുക<br>2.ലബോറട്ടറി ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു | അധ്യായന വർഷം മുഴുവൻ | അധ്യാപകർ | |

# വായനാ ശേഷി വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1<br>പത്ര വായന - തെറ്റില്ലാത്ത പദങ്ങൾ ഉച്ചരിക്കാനുള്ള ശേഷി | 1.പത്രം ലഭ്യമാക്കൽ<br>2.വായനാ മത്സരം<br>3.വാർത്ത വായന | അധ്യയന വർഷം മുഴുവൻ | അധ്യാപകർ | |
| 2<br>ലൈബ്രറി പുസ്തക വായന | ലൈബ്രറി പുസ്തക വിതരണം ചെയ്ത് വായനയെ പ്രോത്സാഹിപ്പിക്കുന്നു | ആവശ്യമനുസരിച്ച്<br>അധ്യയന വർഷം മുഴുവൻ | അധ്യാപകർ | |

# കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കുട്ടികളുടെ സർഗശേഷി പരിപോഷിപ്പിക്കൽ. | 1.കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക.<br>2.നൃത്തം,അഭിനയം തുടങ്ങിയ വ്യത്യസ്തങ്ങളായ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗ്ഗവാസങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ | അധ്യയന വർഷം മുഴുവൻ | അധ്യാപകർ | |

# പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| പ്രവർത്തി പരിചയ പരിശീലനം | പ്രവർത്തി പരിചയ പരിശീലനത്തിൽ താല്പര്യമുള്ള കുട്ടികൾക്ക് പ്രവർത്തി പരിചയത്തിന് പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കൽ<br>ഇതിനായി വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ | അധ്യയന വർഷം മുഴുവൻ | SRG | |

# കായികശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1<br>കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ<br>2<br>കായിക മത്സരങ്ങളിൽ എത്തിക്കൽ | 1.ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വോളിബോൾ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ<br>2.സംസ്ഥാനതല ദേശീയതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | അധ്യയന വർഷം മുഴുവൻ | കായിക അധ്യാപകൻ | |

# കൗൺസിലിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1<br>വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകൽ<br>2<br>കുട്ടികളെ നല്ല വ്യക്തിത്വമുള്ളവരാക്കൽ | 1.ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ<br>2. അഭിമുഖം,നിരീക്ഷണം പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ<br>3.ഇൻഡിവിജ്വൽ കൗൺസിലിംഗ് ഗ്രൂപ്പ് കൗൺസിലിംഗ് | അധ്യയന വർഷം മുഴുവൻ | കൗൺസിലിംഗ് ടീച്ചർ | |

# പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ മ്യൂസിയങ്ങൾ ചുമർചിത്രങ്ങൾ ക്ഷേത്ര കലകൾ കോട്ടകൾ തുടങ്ങിയവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു തവണ | SRG | |

# ആരോഗ്യ ശുചിത്വ പരിപാലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കുട്ടികളുടെ ആരോഗ്യ ശുചിത്വ പരിപാലനം | 1.കുട്ടികളുടെ ശരീര ശുചിത്വം ആരോഗ്യപരിപാലനം ഇവ സംബന്ധിച്ച് അവബോധം വളർത്തുവാനുള്ള ചാർട്ടുകൾ 2.പോസ്റ്ററുകൾ ബോധവൽക്കരണ ക്ലാസുകൾ 3.ശരിയായ ഭക്ഷണരീതി ചിത്രീകരിക്കുന്ന ചാർട്ടുകൾ ഇവയുടെ പ്രദർശനം 4.പരിസര ശുചിത്വ നിരീക്ഷണം 5.വൃത്തിയായ പരിസരം സൃഷ്ടിക്കൽ | അധ്യയന വർഷം മുഴുവൻ | സയൻസ് അധ്യാപകർ | |

# ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| വിവിധ ദിനങ്ങളെ പരിചയപ്പെടുത്തൽ അവയുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ജൂൺമാസം മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനങ്ങൾ ആചരിക്കുന്നത് വഴി കുട്ടികൾക്ക് ആ ദിനത്തിൻറെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുവാൻ സഹായിക്കുന്നു | അധ്യയന വർഷം മുഴുവൻ | SRG അധ്യാപകർ | |

# മെഡിക്കൽ ക്യാമ്പുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1<br>രോഗപ്രതിരോധം<br>2<br>ആരോഗ്യപരിവാരനം | 1.നേത്ര,കേൾവി ക്യാമ്പ് സംഘടിപ്പിക്കുക<br>2.സൗജന്യ രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുക<br>3.സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സ്ക്കൂൾ ക്യാമ്പസിൽ സംഘടിപ്പിക്കുക | അവശ്യാനുസരണം | SRG അധ്യാപകർ | |

# ഉപസംഹാരം

എച്ച് എസ് എസ് നിർപ്പാറ സ്ക്കൂളിൻറെ അക്കാദമിക മാസ്റ്റർ പ്ലാൻ സ്ക്കൂളിൻറെ  പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്  എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാന്റിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.

പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച  രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിൻറെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്ക്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് .അതിന് കഴിയും എന്ന ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.